Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നം. കൈറ്റ്/2025/VC/2355 (6) തീയതി: 11.04.2025

## സർക്കുലർ

**വിഷയം:-** **കൈറ്റ് - സർക്കാറിന്റെ നാലാം നൂറുദിന കർമ്മ പരിപാടി - 'Key to Entrance' പൊതുപ്രവേശന പരീക്ഷകളിൽ പങ്കെടുക്കുന്ന ഹയർസെക്കണ്ടറി വിഭാഗം സ്കൂൾ കുട്ടികൾക്ക് പ്രത്യേക പരിശീലനം - മോക് ടെസ്റ്റ് നടത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.**

സൂചന:- പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 28.09.2024 ലെ HSE/16838/ 2024-ACD SPL4 നമ്പർ സർക്കുലർ.

പൊതുവിദ്യാലയങ്ങളിൽ ഹയർ സെക്കണ്ടറി വൊക്കേഷണൽ ഹയർ സെക്കണ്ടറി തലത്തിൽ പഠിക്കുന്ന താത്പര്യമുള്ള എല്ലാ വിഭാഗം വിദ്യാർത്ഥികൾക്കും സാമ്പത്തിക പിന്നോക്കം, നഗര-ഗ്രാമ വ്യത്യാസം തുടങ്ങിയവയില്ലാതെ പൊതുപ്രവേശന പരീക്ഷയിൽ പങ്കെടുക്കുന്നതിന് പ്രത്യേക പരിശീലനം നൽകാൻ കൈറ്റ് വിക്ടേഴ്സ് ഓൺലൈൻ പ്ലാറ്റ്ഫോമിൽ (entrance.kite.kerala.gov.in) തയ്യാറാക്കിയ 'Key to Entrance' പ്രോഗ്രാമിൽ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ നിന്നും വിദ്യാർത്ഥികൾ രജിസ്റ്റർ ചെയ്യുകയും കോഴ്സ് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. സൂചന സർക്കുലറിൽ നിർദേശിച്ചിരിക്കുന്നത് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്കായി 'Key to Entrance' ഓൺലൈൻ പ്ലാറ്റ്ഫോമിൽ മോക് ടെസ്റ്റ് നടത്തുന്നതാണ്. 2025 ഏപ്രിൽ 16 മുതൽ 19 വരെ 'Key to Entrance' ഓൺലൈൻ പ്ലാറ്റ്ഫോമിൽ കോഴ്സ് രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികൾക്ക് അവരവരുടെ യൂസർ ഐ.ഡിയും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ടെസ്റ്റിൽ പങ്കെടുക്കാവുന്നതാണ്. 'Key to Entrance' പ്രോഗ്രാമിലേയ്ക്ക് രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും അതത് സ്കൂൾ പ്രിൻസിപ്പൽമാർ ടെസ്റ്റിൽ പങ്കെടുക്കുന്നതിന് സൂചന സർക്കുലറിൽ പ്രതിപാദിച്ച വിധത്തിൽ ആവശ്യമായ നിർദേശങ്ങൾ നൽകേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

പകർപ്പ്:-

എല്ലാ ഹയർസെക്കന്ററി/വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാർക്കും
എല്ലാ ആർ.ഡി.ഡി (എച്ച്.എസ്.ഇ), എ.ഡി (വി.എച്ച്.എസ്.ഇ) മാർക്കും
കൈറ്റിലെ എല്ലാ ജില്ലാ കോ-ഓർഡിനേറ്റർമാർക്കും